**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4040** **28-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം എഫ്.എച്ച്.സി. യിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം എഫ്.എച്ച്.സി. യിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിനെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിന് എൻ.എച്ച്.എം മുഖേന 37 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ കാസറഗോഡ് വികസന പാക്കേജിൽ നിന്നും 384.25 ലക്ഷം രൂപയും, ദേശീയ ആരോഗ്യ ദൗത്യം മുഖേന 474 ലക്ഷം രൂപയും ചെലവഴിച്ചുകൊണ്ട് രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിച്ച തുകയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പുതിയ കെട്ടിടം പണിയുന്നതിനായി മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ആശുപത്രിയ്ക്കാവശ്യമായ വെള്ളം എടുക്കുന്ന കുഴൽകിണർ കെ.ഡി.പി ബിൽഡിംഗ് വരുന്ന നിർദ്ദിഷ്ട സ്ഥലത്തായതിനാൽ പുതിയ കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന് ചുമതല നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (സി) | പുതിയ കെട്ടിടം പണിയുവാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട സ്ഥലത്തുള്ള അൺഫിറ്റ് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുകയും പുതിയ കുഴൽകിണർ സ്ഥാപിക്കുകയും ചെയ്യതിന് ശേഷം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ